പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T1796 10.02.2020 -ലെ മറുപടിക്ക്

**കെ.എസ്.ആർ.റ്റി.സി.യിൽ കണ്ടക്ടർ /ഡ്രൈവർ തസ്തികയിൽ ജോലിനോക്കുന്നവരുടെ പ്രതിമാസശമ്പളം**

ചോദ്യം — ശ്രീ.സി.മമ്മൂട്ടി

മറുപടി — ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ. എസ്. ആർ. ടി. സി. യിൽ വിവിധ ആരോഗ്യ പ്രശ്നങ്ങളുള്ള ഏറ്റവും കടുത്ത ജോലി നോക്കുന്ന കണ്ടക്ടർ / ഡ്രൈവർ വിഭാഗങ്ങളിലുള്ള വരുടെ പ്രതി മാസശമ്പളം കഴിഞ്ഞ ഒന്നര വർഷത്തിലധി കമായി നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി.യിൽ 2019 ഡിസംബർ മാസം വരെയുള്ള ശമ്പളം കുടിശ്ശികയില്ലാതെ നൽകിക്കഴിഞ്ഞു. വിവിധ കാരണങ്ങളാൽ സപ്ലിമെന്ററി സാലറി ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാരുടെ 2018 മാർച്ച് മുതലുള്ള സപ്ലിമെന്ററി ശമ്പളം നൽകുവാൻ കുടിശ്ശികയുണ്ട്. കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി മൂലമാണ് ഈ തുക വിതരണം ചെയ്യാൻ സാധിക്കാത്തത്. കോർപ്പറേഷന്റെ വരുമാനത്തിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ടി കുടിശ്ശിക കൊടുത്തു തീർക്കുന്നതാണ്. |
| (ബി) | ഉണ്ടെങ്കിൽ ഈ സ്ഥാപന ത്തിലെ ജീവനക്കാർക്കുമാത്രം അർഹമായ ശമ്പളം നൽകാതി രിക്കുന്ന സമീപനം തിരുത്തു ന്നതിന് സത്വരം ഇടപെടുമോ; | | |
| (സി) | കെ.എസ്.ആർ.ടി.സി. ജീവന ക്കാരുടെ പ്രതിമാസ ശമ്പളം തടഞ്ഞുവെയ്ക്കുന്നതിന് തീരു മാനം എടുത്തിട്ടുണ്ടോ; വ്യക്ത മാക്കുമോ; | (സി) | ജീവനക്കാരുടെ പ്രതിമാസ ശമ്പളം തടഞ്ഞുവെയ്ക്കുന്നതിന് യാതൊരു തീരുമാനവും എടുത്തിട്ടില്ല. |
| (ഡി) | കെ.എസ്.ആർ.ടി.സി. ജീവന ക്കാർക്ക് കൃത്യമായി മാസ ശമ്പളം നൽകുന്നതിന് ആവശ്യമായ പ്രാവർത്തിക നടപടികൾ നിർദ്ദേശിക്കുമോ; | (ഡി) | കെ.എസ്.ആർ.ടി.സി.യിൽ ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുന്നത് കോർപ്പറേഷന്റെ സ്വന്തം വരുമാനത്തിൽ നിന്ന് ലഭിക്കുന്ന തുകയും പ്രതിമാസം സർക്കാർ നൽകുന്ന വായ്പാ ധനസഹായവും കൊണ്ടാണ്. ഗ്രോസ്സ് ശമ്പളവും വേതനവും നൽകുവാൻ ശരാശരി 84 കോടി രൂപ ആവശ്യമാണെങ്കിലും, നിലവിലെ സാമ്പത്തിക സ്ഥിതിയിൽ, ദൈനംദിന ചെലവുകൾ നടത്തിക്കഴിഞ്ഞ് ശരാശരി 30 കോടി രൂപ മാത്രമാണ് ശമ്പളത്തിനായി വരുമാനത്തിൽ നിന്ന് പ്രതിമാസം കെ.എസ്.ആർ.ടി.സിക്ക് |

| | | | |
|---|---|---|---|
| | | | സ്വരൂപിക്കാൻ കഴിയുന്നത്. സർക്കാർ വായ്പാ ധനസഹായവും ചേർത്ത് മാസാന്ത്യം ശരാശരി 51 കോടി രൂപ മാത്രമേ കെ.എസ്.ആർ.ടി.സിയുടെ കൈയ്യിൽ ശമ്പള വിതരണത്തിനായി ഉണ്ടാവുകയുള്ളൂ. ആയതിനാൽ നെറ്റ് ശമ്പളവും വേതനവും നൽകുന്നതിന് തൊട്ടടുത്ത മാസം 15 മുതൽ 20 ദിവസം വരെയുള്ള പ്രതിദിന വരുമാനം കൂടി സ്വരൂപിച്ചാണ് കഴിഞ്ഞ കുറെ മാസങ്ങളായി ഇത് നൽകി വരുന്നത്. ഇക്കാരണത്താൽ ചില മാസങ്ങളിൽ ശമ്പളം മാസത്തിന്റെ അവസാന പ്രവൃത്തി ദിവസം നൽകുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ തൊട്ടടുത്ത മാസത്തെ വരുമാനവും എടുത്താണ് ശമ്പള വിതരണം നടത്തി വരുന്നത്. കെ.എസ്.ആർ.ടി.സിയുടെ വരുമാനം മെച്ചപ്പെടുന്ന മുറയ്ക്ക് ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകുന്നതിന് സാധിക്കുന്നതാണ്. |
| (ഇ) | ഇത്തരം ജീവനക്കാരുടെ കുടിശ്ശികയുള്ള ശമ്പളം വരുന്ന മാർച്ച് ഒന്നിന് മുമ്പ് നൽകാൻ അടിയന്തിര നിർദ്ദേശം നൽകുമോ; ഏതു സർവ്വീസ് റൂളിന്റെ അടിസ്ഥാനത്തിലാണ് ഇവരുടെ ശമ്പളം ഇങ്ങനെ തടഞ്ഞ് വയ്ക്കുന്നതെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | കെ.എസ്.ആർ.ടി.സി.യിൽ 2019 ഡിസംബർ മാസം വരെയുള്ള ശമ്പളം കുടിശ്ശികയില്ലാതെ നൽകിക്കഴിഞ്ഞു. വിവിധ കാരണങ്ങളാൽ സപ്ലിമെന്ററി സാലറി ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാരുടെ 2018 മാർച്ച് മുതലുള്ള സപ്ലിമെന്ററി ശമ്പളം നൽകുവാൻ കുടിശ്ശികയുണ്ട്. ഈ ഇനത്തിൽ തുക വിതരണം ചെയ്യുന്നതിന് 7.91 കോടി രൂപ ആവശ്യമാണ്. 12/2017, 01/2018, 02/2018 മാസങ്ങളിലെ സപ്ലിമെന്ററി സാലറി ഒറ്റത്തവണയായി 2/2019 ൽ നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ബാക്കി തുകകൾ കൊടുത്തു തീർക്കുന്നതാണ്. ജീവനക്കാരുടെ ശമ്പളം തടഞ്ഞുവയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**